**മലങ്കര ഓർത്തഡോക്സ് സഭയിലെ ബാഹ്യകേരള ഭദ്രാസനത്തിലെ വൈദികരുടെ ദ്വൈവാർഷിക സമ്മേളനത്തിൻ തുടക്കമായി**

ഉടുപ്പി: മലങ്കര ഒർത്തഡോക്സ് സഭയിലെ ബാഹ്യകേരള ഭദ്രാസനത്തിലെ വൈദിക സമ്മേളനം സെൻറ് തോമസ് അൽവാറിയോസ് നഗരിൽ സഭയുടെ പരമാദ്ധ്യക്ഷൻ പ.ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്തു.കാലോചിതമായ ലോകത്തിൽ പൗരോഹിത്യമുള്ള സഭയിൽ  പുരോഹിതന്മാരുടെ ദൗത്യം ഏറെ സങ്കീർണ്ണമായതെന്നും അതു ദൈവത്തെ നമ്മുടെ ജീവിതംകൊണ്ട് ബോധ്യപെടുത്തണമെന്നും പ.കതോലിക്കാ ബാവാ പറഞ്ഞു.മാർത്തോമാ ശ്ലീഹാ നൽകിയ അപ്പൊസ്തോലിക പരമ്പര്യം കാത്ത്  സൂക്ഷിക്കണമെന്ന് പ.കതോലിക്കാ ബാവാ ഓർപിച്ചു.

അഖില മലങ്കര വൈദിക സംഘം പ്രസിഡൻറ് ഡോ.മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലിത്താ അധ്യക്ഷത വഹിച്ചു.ആരാധനയും വിശ്വാസ പരമ്പര്യം കാത്ത് സൂക്ഷിക്കുവാൻ വൈദികർ പ്രതിജ്ഞാബദ്ദരായിരിക്കണം എന്ന് അദ്ധേഹം ഓർമിപിച്ചു. ഭദ്രാസന മെത്രാപ്പോലിത്താ അഭിവന്ദ്യ യാക്കോബ് മാർ ഏലിയാസ് തിരുമേനി സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ കൂറിലോസ്,ജനരൽ സെക്രട്ടരി ഫാ.തോമസ് വർഗ്ഗീസ് അമയിൽ, ഫാ.എം.ബി ജോർജ്ജ്, ഭദ്രാസന സെക്രട്ടരി ഫാ.കുരിയാക്കോസ് തോമസ് പള്ളിച്ചിറ എന്നിവർ ആശംസകൾ നേർന്നു. ജനരൽ കൺവീനർ ഫാ.വി.സി.ജോസ് കൃതജ്ഞത അരിയിച്ചു.സഭയുടെ കേരളത്തിനു പുരത്തുള്ള ഏഴു ഭദ്രസനത്തിലെ അഭിന്ദ്യ തിരുമേനിമാരും വൈദികരും മൂന്ന് ദിവസങ്ങളായി നടക്കുന്ന സമ്മേളനത്തിൽ സംഭന്ദിക്കുന്നു. സമ്മേളനം വ്യാഴാഴ്ച്ച് ഉച്ചയോടുകൂടി സമാപിക്കും.